I ഇ.ബി. XV - കേരള നിയമസഭ/VIII-21

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 21, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(15-03-2023-ന് നിയമസഭയ്ക്കകത്തും ബഹു. സ്പീക്കറുടെ ചേമ്പറിന് മുന്നിലും നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് സർവ്വശ്രീ. അൻവർ സാദത്ത്, എ. കെ. എം. അഷ്റഫ്, കുറുക്കോളി മൊയ്തീൻ, ടി. ജെ. വിനോദ്, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ സഭയ്ക്കുള്ളിൽ അനിശ്ചിതകാല സത്യാഗ്രഹം ആരംഭിക്കുകയും പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തതിനാൽ 9.54-ന് ചോദ്യോത്തരവേളയുടെ ബാക്കി ഭാഗം റദ്ദ് ചെയ്ത് കാര്യവിവരപ്പട്ടികയിലെ

അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

ശ്രദ്ധക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവയുടെ മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചു.

## I. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ IX | - | വാഹന നികുതികൾ (203,13,67,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XLI | - | ഗതാഗതം (1833,73,60,000 രൂപ) |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XX | - | ശുദ്ധജലവിതരണവും ശുചീകരണവും (1309,73,61,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXXVIII | - | ജലസേചനം (779,89,99,000 രൂപ) |

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി
(3340,58,37,000 രൂപ)

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന

XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**II. പ്രമേയം**

സഭാ സമ്മേളന ദിവസങ്ങൾ വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): " 2023 മാർച്ച് 20-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്തുകൊണ്ടും ബന്ധപ്പെട്ട ചട്ടങ്ങൾ താൽക്കാലികമായി സസ്പെന്റ് ചെയ്തുകൊണ്ടും മാർച്ച് 22, 23, 27, 28, 29, 30 എന്നീ ദിവസങ്ങളിൽ സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന ബിസിനസ്സുകൾ ഇന്ന് പരിഗണനയ്ക്കെടുക്കുവാൻ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**(ധനകാര്യം...തുടർച്ച)**

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ

എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു. പ്രസ്തുത ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## III. നിയമനിർമ്മാണകാര്യം

### (i) 2023- ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IV. പ്രമേയം

### ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "2023-ലെ കേരള ധനകാര്യ ബിൽ , 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവയുടെ അവതരണത്തിനും ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കുമായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 76(1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റിയുള്ള ചർച്ച ചെയ്യുന്നതിലേയ്ക്കുമായി ചട്ടം 77-ലെ വ്യവസ്ഥകളും താത്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## (ii) 2023-ലെ കേരള ധനകാര്യ ബില്ലിന്റെയും 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റെയും അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനകാര്യ ബിൽ, 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):2023-ലെ കേരള ധനകാര്യ ബിൽ, 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനകാര്യ ബിൽ, 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## 2023-ലെ കേരള ധനകാര്യ ബിൽ

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

clause 4,-

(i) The sub clause (2) and (3) shall be omitted and the following shall be inserted as sub-clause (2), namely:-
(2) in the existing proviso to sub section (1) of section 76, after the words and figures " the Kerala State Goods and Services Act, 2017 (20 of 2017)" the following words and figures shall be inserted, namely:-
" the Kerala General Sales Tax Act, 1963 (15 of 1963), the Kerala Tax on Luxuries Act, 1976 (32 of 1976) and the Kerala Value Added Tax Act, 2003 (30 of 2004)" ;

(ii) The existing sub clause (4), (5) (6) shall be renumbered respectively as (3) (4) and (5);

(iii) The existing clause (7) shall be omitted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ഉം 6-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

5-ഉം 6-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ഉം 6-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

clause 7,-

in sub-clause (2), in item (1), the words " and figures" shall be omitted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

clause 8,-

(a) in sub-clause (1), in item (c), for the word, " words" , the word " word" shall be substituted.

(b) in sub-clause (22), in item (a) for the word " words" , the word " word" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

clause 10,-

1. in item (a) and (b) of sub-clause (ii), the words and figures " sub-entries (iii) to (v) of" shall be omitted;
2. in sub-sectin (4) of section 6 of the Kerala Finance Act, 2008(21 of 2008) after the word, brackets and figure " sub-section(1)" , the words, brackets and figures " and sub-section(2A)" shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

clause 11,-

a. in sub-clause (5), in the proviso to sub-section (5) for the words " date of furnishing the details" , the words " date of furnishing the said details" shall be substituted.
b. after sub-clause (10), the following sub-clause shall be inserted and the remaining sub clauses shall respectively be re-numbered, namely:-
   i. in section 73,-
      a) in the heading, for the words " willful-misstatement" the words and symbol " wilful-misstatement" shall be substituted;
      b) in sub-section (1), for the words " wilful-misstatement" , the words and symbol" , wilful-misstatement shall be

substituted.

ii. in section 74,-

a) in the heading, for the words “ wilful-misstatement,” the words and symbol “ wilful-misstatement” shall be substituted;

b) in sub-section (1), for the words “ wilful-misstatement” , the words and symbol "wilful-misstatement" shall be substituted.

c. in sub-section (1 B), in clause (iii) after the words, “ obtaining registration under this Act” , the words “ shall be liable to pay a penalty of ten thousand rupees or an amount equivalent to the amount of tax involved had such supply been made by a registered person other than a person paying tax under section 10, whichever is higher.” shall be placed as next paragraph.

d. in sub-section (14), in sub section (2), in clause (b), after the words “ information of the recipient” , the words “ in such form and manner as may be prescribed” shall be placed as the next line.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (iii) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ഒരു വ്യക്തിക്ക് അംഗീകൃതമായിട്ടുള്ള ഏതു ചികിത്സാശാസ്ത്രവും പിന്തുടരുന്നതിനുള്ള സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടും അംഗീകൃതമായ ചികിത്സാരീതികൾ അംഗീകൃത മെഡിക്കൽ പ്രാക്ടീഷണർമാരിൽനിന്നും സ്വീകരിക്കുന്നതിനുമുൾപ്പെടെ സാധ്യമാകുന്ന രീതിയിലുമാണ് ഈ ബിൽ നിർമ്മിച്ചിരിക്കുന്നത്. ഇത് സ്ത്രീലിംഗത്തിലുള്ള ബില്ലാണെന്നുള്ള പ്രത്യേകതയുമുണ്ട്. ഇതിനുവേണ്ടി പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റുൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് നന്ദി രേഖപ്പെടുത്തുന്നു. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 മുതൽ 7 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

2 മുതൽ 7 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 7 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

8-ാം ഖണ്ഡത്തിലെ 2-ാം ഉപഖണ്ഡത്തിൽ "ഹെൽത്ത് ഇൻസ്പെക്ടർ" എന്നീ വാക്കുകൾക്ക് പകരം "ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9 മുതൽ 18 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

9 മുതൽ 18 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9 മുതൽ 18 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

19-ാം ഖണ്ഡത്തിലെ 1-ാം ഉപഖണ്ഡത്തിൽ "ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ " എന്നീ വാക്കുകൾക്ക് പകരം "ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20 മുതൽ 82 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

20 മുതൽ 82 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

20 മുതൽ 82 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iv) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവയുടെ അവതരണവും അനന്തരഘട്ടങ്ങളും

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

രാജേഷ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## V. പ്രമേയം

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): "2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ അവതരണത്തിനും ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കുമായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76 (1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റിയുള്ള ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം 77-ലെ വ്യവസ്ഥകളും താത്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## (v) 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

2-ാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VI. വ്യക്തിപരമായ വിശദീകരണം

തെരഞ്ഞെടുപ്പ് വിജയാഹ്ലാദത്തോടനുബന്ധിച്ചുണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട കേസ്

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: 2016-ലെ കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് വിജയാഹ്ലാദത്തോടനുബന്ധിച്ച് വോട്ടർമാരോട് നന്ദി പ്രകാശിപ്പിക്കുന്നയവസരത്തിൽ ഒരു സംഘം ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ എന്നെയും എൽ.ഡി.എഫ്. പ്രവർത്തകരെയും ആക്രമിച്ച് പരിക്കേൽപ്പിച്ചതിനെത്തുടർന്ന് എന്റെ പ്രഥമ മൊഴിയുടെ അടിസ്ഥാനത്തിൽ ഹോസ്ദുർഗ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു. അന്വേഷണ ഘട്ടത്തിൽ പ്രോസിക്യൂഷൻ സാക്ഷികൾ വിചാരണയ്ക്കിടെ കൂറുമാറിയത് കേസ്സിന് തിരിച്ചടിയായി. ഈ സഭാ സമ്മേളനത്തിൽ (ഫെബ്രുവരി 2) ബഹുമാനപ്പെട്ട കുറ്റ്യാടി അംഗം നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് നടത്തിയ പ്രസംഗത്തിൽ കാസർഗോഡ് ജില്ലാ സെഷൻസ് കോടതി II-ൽ സാക്ഷികളെല്ലാം ഒരേ നിലയിലാണ് മൊഴി നൽകിയതെന്നും പ്രതികളെ ആരും തിരിച്ചറിയാത്തതിനാലാണ് കേസ് വിട്ടുപോയതെന്നും പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. പോലീസ് സ്റ്റേഷനിൽ വച്ച് പ്രതികളെ തിരിച്ചറിഞ്ഞ് മൊഴി കൊടുത്തവർ കോടതിയിൽ മൊഴി മാറ്റിയതാണ് പ്രതികൾക്ക് സഹായകരമായി മാറിയതെന്ന കാര്യം സഭയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

## VII. ചരമോപചാരം

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം നടുത്തളത്തിൽ പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിലേയ്ക്ക് മടങ്ങിപ്പോയി.)

<u>സി.പി. കുഞ്ഞിന്റെ നിര്യാണം</u>

മുൻ നിയമസഭാംഗമായ സി.പി.കുഞ്ഞിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

(പ്രതിപക്ഷാംഗങ്ങൾ വീണ്ടും നടുത്തളത്തിലേയ്ക്ക് തിരിച്ചുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## VIII. പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ വിഷു-റംസാൻ ആശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 10.27-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

*******